(ബി) പുതിയ മേഖലകളിൽ വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കുന്ന നടപടികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) കുട്ടനാട് കാർഷിക വ്യവസായ ബന്ധ സമിതി, ലോറി ട്രാൻസ്പോർട്ട് വ്യവസായ ബന്ധ സമിതി, ടിംബർ, പ്ലൈവുഡ്, മാച്ചസ് ആന്റ് സാമിൽ വ്യവസായ ബന്ധ സമിതി, ഇ.എസ്.ഐ. അഡ്വൈസറി ബോർഡ്, പാലക്കാട് കാർഷിക മേഖലാ വ്യവസായബന്ധ സമിതി എന്നീ ഐ.ആർ.സി. കളുടെ കാലാവധി അവസാനിച്ചു. പുനസംഘടനാ പ്രക്രിയകൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് തൊഴിൽ രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അപ്പോഴപ്പോൾ പരിഹരിക്കുവാനും നല്ല വ്യവസായ തൊഴിൽ ബന്ധം നിലനിർത്തുവാനും തൊഴിൽ വകുപ്പ് ആത്മാർത്ഥമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുവേണ്ടി സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ തൊഴിൽ മേഖലയിലും രൂപീകരിച്ചിട്ടുള്ള വ്യവസായബന്ധ സമിതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചുവരുന്നു. തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിച്ച് അതുവഴി ബന്ധപ്പെട്ട വ്യവസായത്തിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും തൊഴിലാളികളുടെ സേവന-വേതന കാര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഐ.ആർ.സി. കൾ ശ്രമിച്ചുവരുന്നു. ഇപ്രകാരം കേരളത്തിലെ വ്യവസായ മേഖലയിലും തൊഴിൽ മേഖലയിലാകമാനം കാര്യക്ഷമമായ പ്രവർത്തനം നടത്തി തൊഴിൽ പ്രശ്നങ്ങളും അതുമൂലമുണ്ടാകാവുന്ന നഷ്ടവും ഇല്ലാതാക്കാൻ ആവശ്യമായ എല്ലാ നടപടിയും തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

കോട്ടയ്ക്കലിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

68(971) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയത് എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ പുതുതായി സർവ്വേ നടത്തിയത് അനുസരിച്ചാണോ എന്നറിയിക്കാമോ ;

(ബി) ഏത് പരിശോധനയിലാണ് നിർദ്ദിഷ്ട ചുറ്റളവിൽ വേണ്ടത്ര തൊഴിലാളികൾ ഇല്ലെന്ന് ബോദ്ധ്യമായത് എന്ന് വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷന്റെ സർവ്വേയിൽ വേണ്ടത്ര തൊഴിലാളികൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടാണോ നടപടികൾക്ക് നിർദ്ദേശം നൽകിയത് എന്നറിയിക്കാമോ ;

(ഡി) കോർപ്പറേഷന്റെ നിർദ്ദേശം അംഗീകരിക്കേണ്ടതായിരുന്നോ എന്നറിയിക്കാമോ ;

(ഇ) ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതെ.

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ.

(സി) അല്ല.

(ഡി) കോർപ്പേറഷൻ നല്കുന്ന നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിക്കുകയും ഉചിതമായ തീരുമാനമെടുക്കുകയുമാണ് ചെയ്യാറുള്ളത്.

(ഇ) കോട്ടയ്ക്കൽ ആസ്ഥാനമാക്കി ഒരു മിനി ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

തോട്ടം തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ നടപടി

69(972) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റബ്ബർ ആൻഡ് ടീ കമ്പനിയിലും ബ്രൈമൂർ എസ്റ്റേറ്റ്സ് ലിമിറ്റഡിലും പീരുമേഡ് ടീ കമ്പനി ലിമിറ്റഡിലും വർഷങ്ങളായി തോട്ടം തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമാനുസൃത ആനുകൂല്യങ്ങൾ നിഷേധിക്ക പ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തോട്ടങ്ങളുടെ ഉടമസ്ഥത ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം രജിസ്റ്റർ ചെയ്തിരിക്കുന്ന ഉടമകൾ, തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ട അവസരത്തിൽ ഉടമാവകാശം നിഷേധിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1951-ലെ തോട്ടം തൊഴിലാളി നിയമം അനുസരിച്ച് തോട്ടം ആരുടെ പേരിലാണോ രജിസ്റ്റർ ചെയ്തിരിക്കുന്നത് ആ വ്യക്തിയായിരിക്കും യഥാർത്ഥ തൊഴിലുടമ.

(സി) തോട്ടം രജിസ്റ്റർ ചെയ്തിരിക്കുന്ന ഉടമകൾ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ട അവസരത്തിൽ ഉടമാവകാശം നിഷേധിക്കുക യാണെങ്കിൽ യഥാർത്ഥ ഉടമ ആരെന്ന് കണ്ടെത്തി പ്രോസിക്യൂഷൻ മുതലായ നടപടി സ്വീകരിക്കുവാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly